**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1636** **08-12-2022 - ൽ മറുപടിയ്ക്ക്**

**എളവള്ളി പഞ്ചായത്തിലെ കളിസ്ഥല നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ എം.എൽ.എ. -യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എളവള്ളി പഞ്ചായത്തിലെ വാക എന്ന പ്രദേശത്തുള്ള കളിസ്ഥലത്തിന്റെ നവീകരണത്തിന് ശിപാർശ ചെയ്തെങ്കിലും പ്രസ്തുത സ്ഥലം ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രവൃത്തി ഇതുവരെ ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. എളവള്ളി ഗ്രാമ പഞ്ചായത്തിലെ വാക എന്ന പ്രദേശത്തെ കളി സ്ഥലമായി ശുപാർശ ചെയ്ത ഭൂമി, ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടു വരുന്നതാണ്. എന്നാൽ, ടി ഭൂമിയെ ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കാൻ ലോക്കൽ ലെവൽ മോണിറ്ററിങ്ങ് കമ്മിറ്റി തീരുമാനമെടുക്കുകയും, ആയതിനുള്ള തുടർ നടപടികൾ RDO സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | പ്രസ്തുത കളിസ്ഥലം തരംമാറ്റി കിട്ടുന്നതിന് തൃശ്ശൂർ ആർ.ഡി.ഒ. -യ്ക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ഭൂമി തരം മാറ്റുന്നതിനായി, തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എളവള്ളി വില്ലേജ് ഓഫീസർക്ക്, നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ടി ഭൂമി സംബന്ധമായ രേഖകൾ മുല്ലശ്ശേരി ബ്ലോക്ക് ഓഫീസിൽ നിന്നും ലഭ്യമാക്കി റിപ്പോർട്ട് ഉടൻ സമർപ്പിക്കുന്നതിനുള്ള നടപടികൾ വില്ലേജ് ഓഫീസർ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത സ്ഥലം തരംമാറ്റി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | നിലവിൽ തരം മാറ്റം അനുവദിച്ച് കൊണ്ട് ഉത്തരവ് നൽകിയിട്ടില്ല. വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കി, അപേക്ഷ ഭൂമി തരം മാറ്റി നൽകുന്നതിനുള്ള, നിയമ/ചട്ട പ്രകാരമുള്ള നടപടികൾ RDO സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ